M.E.S COLLEGE OF ENGINEERING
# CAMPUS SENIOR SECONDARY SCHOOL
(Affiliated to CBSE New Delhi- Affiliation No.: 930249, School Code:75235)
Accredited to NABET
Thrikkanapuram South - P.O, Kuttippuram, Malappuram - Dt. 679 582
Landline: 0494 2698150, Mobile : 7025166150
E-mail: mescecsssschool@gmail.com, Website: www.mescampusschool.edu.in

പ്രിയ രക്ഷിതാവേ,

പുതുമകളേറെയുള്ള അടുത്ത അധ്യയനവർഷം ആരംഭിക്കാറായി. അതിനു മുന്നോടിയായി ചില ഒരുക്കങ്ങൾ അനിവാര്യമാണ്. 2023 – 24 ബാക്കി വച്ച ഗൗരവമേറിയ ഓർമ്മപ്പെടുത്തലുകളും വരും വർഷത്തേക്കുള്ള തയ്യാറെടുപ്പു സംബന്ധിച്ച ചില നിർദ്ദേശങ്ങളും നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതു ണ്ട്. നടപ്പുവർഷത്തിലെന്ന പോലെ തുടർ വർഷത്തിലും മികച്ച സഹകരണവും പങ്കാളിത്തവും ആഗ്രഹി ക്കുകയാണ്.

വേനലവധിയിൽ കുട്ടികൾക്കൊപ്പം ചെലവഴിക്കാൻ ലഭിക്കുന്ന സമയം അവരുടെ ജീവിതത്തിലുടനീളം ഉപകാരപ്പെടുന്ന തരത്തിൽ ക്രമീകരിക്കുമല്ലോ. ചില കാര്യങ്ങൾ നിർദേശിക്കുന്നു:

- അവധിദിനങ്ങൾ കുട്ടികൾക്ക് വിനോദത്തിനും വായിക്കാനും ആസ്വദിക്കാനും അവസരം നൽകുന്ന പ്രവർത്തനങ്ങൾ ഉള്ളതാക്കാൻ പ്രത്യേകം ശ്രദ്ധിക്കുക
- വീട്ടു ജോലികൾ, അടുക്കളത്തോട്ട നിർമ്മാണം, മാലിന്യ സംസ്കരണം തുടങ്ങിയ കാര്യങ്ങളിൽ കുട്ടികളെ പങ്കാളികളാക്കി ചുമതലകൾ നൽകുക. അത് കുട്ടികളിൽ ഉത്തരവാദിത്വബോധം വളർത്തും.
- പഴയ നോട്ടു പുസ്തകങ്ങളിലെ ഉപയോഗിക്കാതെ ബാക്കി വന്ന താളുകൾ ബൈൻഡ് ചെയ്തു നോട്ടു പുസ്തകങ്ങൾ നിർമ്മിക്കാനും അവ ഉപയോഗിക്കാനും പ്രേരണ നൽകുക
- ടോയ്ലറ്റ് ഉപയോഗം, സാനിറ്ററി നാപ്കിനുകൾ കൈകാര്യം ചെയ്യേണ്ട വിധം, ഭക്ഷണം കഴിക്കേണ്ട വിധം – പ്രാധാന്യം ഇവ കുട്ടിയെ അറിയിക്കാനും പരിശീലിപ്പിക്കാനും ശ്രമിക്കുക.
- ഉറക്കം, ഉണർവ്, പഠന സമയം, പഠന രീതി എന്നിവയിൽ പാലിക്കേണ്ട നിശ്ചിത സമയക്രമം പരിശീ ലിക്കുന്നതിന് ആവശ്യമായ ചിട്ട ഉറപ്പു വരുത്താൻ കുട്ടിയെ സഹായിക്കുക.
- മൊബൈൽ ഫോൺ, ടെലിവിഷൻ പരിപാടികൾ എന്നിവയ്ക്കു മുന്നിൽ കുട്ടികൾ ചടഞ്ഞു കൂടിയിരിക്കുന്നത് മന:പൂർവ്വം ഒഴിവാക്കുക...

## സ്കൂൾ സംബന്ധിയായ അറിയിപ്പ്;

- സ്കൂൾ പ്രവൃത്തിസമയത്തിൽ ( രാവിലെ 9 മണി മുതൽ 3.50 വരെ, വെള്ളിയാഴ്ചകളിൽ മാത്രം 4.05 വരെ) വരും വർഷവും മാറ്റമില്ല. ശനിയാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ വൈകിട്ട് 4 മുതൽ 4.30 വരെ അധ്യാപകരെ നേരിൽ കണ്ട് കുട്ടിയുടെ പഠനപുരോഗതി വിലയിരുത്താവുന്നതാണ്.
- ഫീസ് സംബന്ധിച്ച വിശദവിവരങ്ങൾ ഡയറിയിൽ നൽകിയിരിക്കും. കൃത്യസമയപരിധിക്കു ള്ളിൽത്തന്നെ ഫീസ് അടയ്ക്കാൻ ശ്രദ്ധിക്കുക.
- പെട്ടെന്നുണ്ടാകുന്ന അസുഖം, ഉത്സവ സമയം നേരത്തേ പോകൽ, അപ്രതീക്ഷിതമായ അവധി, ആരോഗ്യപ്രശ്നങ്ങൾ തുടങ്ങി അധ്യാപകരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ട എല്ലാ വിവരങ്ങളും കുട്ടിയുടെ ഡയറിയിൽ എഴുതി അറിയിച്ചിരിക്കണം. ഡയറി എല്ലാ ദിവസവും കൊടുത്തയയ്ക്കുകയും കൃത്യമായി പരിശോധിക്കുകയും ചെയ്യണം.
- അടുത്ത വർഷം എം. ഇ. എസ് നിശ്ചയിച്ചിട്ടുള്ള പുതിയ യൂണിഫോം മാതൃകയായിരിക്കും സ്കൂളിൽ നടപ്പാക്കുക.

- ലിപ്സ്റ്റിക് പോലുള്ള സൗന്ദര്യവർധക വസ്തുക്കൾ, മൊബൈൽ ഫോൺ, ടാബ് , പെൻഡ്രൈവ് തുടങ്ങിയ ഉപകരണങ്ങൾ, ആവശ്യത്തിൽ കൂടുതൽ പണം, ഹൈലൈറ്റർ പെൻ, വൈറ്റ്നർ, ബബിൾ ഗം തുടങ്ങിയവ വിദ്യാർഥികൾ കൈവശം വയ്ക്കേണ്ടതില്ല; അവ സ്കൂൾ പരിസരത്ത് കർശനമായി നിരോധിച്ചിരിക്കുന്നു.
- ക്ലാസ് അധ്യാപകരെ നിശ്ചിത ഇടവേളകളിൽ വിളിച്ച് കുട്ടിയെ സംബന്ധിച്ച വിവരങ്ങൾ അന്വേഷിച്ചറിയുകയും പങ്കുവയ്ക്കുകയും ചെയ്യുക.
- കുട്ടി സ്കൂളിലും വീട്ടിലും കൃത്യസമയത്തു തന്നെ എത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക.
- സ്കൂൾ സംബന്ധമായ എല്ലാ കാര്യങ്ങളിലും യൂണിഫോം (ID കാർഡ്, ഷൂ, സോക്സ് , ബെൽറ്റ് ഉൾപ്പെടെ) നിർബന്ധമാണ്
- ലോ വെയ്സ്റ്റ് പാന്റ് , ചുരി – പെൻസിൽ – ആങ്കിൾ ലെങ്ത്ത് പാന്റുകൾ തുടങ്ങി യൂണിഫോമിൽ മനഃപൂർവം വരുത്തുന്ന പരിഷ്കാരങ്ങൾ അംഗീകരിക്കുന്നതല്ല. നഖം, മുടി, താടി എന്നിവ സ്കൂൾ അന്തരീക്ഷത്തിന് ചേരും വിധം കൃത്യമായ ഇടവേളകളിൽ വെട്ടിയൊതുക്കിയിരിക്കണം.
- വിസ പുതുക്കൽ ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് വിദേശയാത്ര പോകാനൊരുങ്ങുന്ന വിദ്യാർഥികൾ ആ വിവരം മുൻകൂട്ടി സ്കൂളിൽ അറിയിച്ച് അനുമതി വാങ്ങേണ്ടതാണ്.
- സ്കൂളിൽ നിന്ന് അറിയിക്കുന്ന ഓൺലൈൻ / ഓഫ് ലൈൻ മീറ്റിങ്ങുകളിൽ കൃത്യസമയത്ത് നിർബന്ധമായും പങ്കെടുക്കണം
- പെട്ടെന്നുണ്ടാകുന്ന അസുഖം, അപ്രതീക്ഷിത അപകടം എന്നിവയെത്തുടർന്ന് കുട്ടിയെ ആശുപത്രിയിൽ ചികിത്സിക്കേണ്ടി വരുന്ന ഘട്ടങ്ങളിൽ ആശുപത്രിയിലേക്കുള്ള യാത്രാച്ചെലവ്, ഡോക്ടറുടെ പരിശോധനാഫീസ് എന്നിവ സ്കൂൾ വഹിക്കുന്നതാണ്. മറ്റു ചെലവുകൾ രക്ഷിതാക്കൾ വഹിക്കേണ്ടതാണ്.
- ക്ലാസ്മുറികൾ, ലാബുകൾ എന്നിവിടങ്ങളിലെ സൗകര്യങ്ങൾ, സ്കൂൾ പരിസരം എന്നിവയ്ക്ക് നാശനഷ്ടം വരുത്തുക, സ്കൂൾ നടപടികളോട് സഹകരിക്കാതിരിക്കുക എന്നിവ കർശന അച്ചടക്ക നടപടികളിലേക്ക് നയിക്കും.

**ഓഫീസ് സംബന്ധിയായവ :**

- ജീവനക്കാരുടെ ശമ്പളവർധന, സ്കൂൾ നടത്തിപ്പു ചെലവുകളിലെ വർധന എന്നിവ പരിഗണിച്ച് നിലവിലെ (2023 – 24) മൊത്തം ഫീസിന്റെ 10% വർധിപ്പിക്കാൻ 18/12/2023 ന് നടന്ന സ്കൂൾ മാനേജിങ് കമ്മറ്റി യോഗത്തിൽ തീരുമാനിച്ചിരിക്കുന്നു.
- ഓഫീസ് സംബന്ധമായ വിവരങ്ങൾ ലഭിക്കുന്നതിന് ആവശ്യമായ അപേക്ഷകൾ മുൻകൂട്ടി നൽകേണ്ടതാണ്. (പ്രവൃത്തി സമയം : രാവിലെ 9.30 മുതൽ വൈകീട്ട് 3 വരെ)

**സ്റ്റോർ പ്രവർത്തനം സംബന്ധിച്ച്;**

- അവധിക്കാലത്ത് രാവിലെ 9.30 മുതൽ വൈകുന്നേരം 3 മണി വരെ മാത്രമേ സ്റ്റോർ പ്രവർത്തിക്കുകയുള്ളൂ .
- വിദ്യാർഥികൾക്ക് അവശ്യം വേണ്ട വസ്തുക്കൾ, പുസ്തകങ്ങൾ, യൂണിഫോം എന്നിവ സ്കൂൾ സ്റ്റോറിൽ ലഭ്യമാക്കുന്നത് എന്നു മുതൽക്കാണെന്ന് ക്ലാസ് ഗ്രൂപ്പ് വഴി അറിയിക്കുന്നതായിരിക്കും.

■ പ്രിൻസിപ്പൽ